വർഷത്തെ കാര്യം കൂടി ചർച്ച ചെയ്യുന്നതാണ്. അതുമാത്രമേ ഈ ഘട്ടത്തിൽ പറയുന്നുള്ളൂ. സീറ്റു വർദ്ധിപ്പിക്കാൻ കഴിയുമോ എന്നുള്ള കാര്യം കൂടി പരിശോധിക്കാം.

(9) വനസംരക്ഷണ നിയമത്തിന്റെ പേരിൽ വികസന പദ്ധതികൾ തടസ്സപ്പെടുത്തുന്നു എന്നത് സംബന്ധിച്ച്

ശ്രീ. പിരപ്പൻകോട് മുരളി : സർ, വാമനപുരം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ വിവിധ വികസന പദ്ധതികൾ വനസംരക്ഷണ നിയമത്തിന്റെ മറവിൽ ഉദ്യോഗസ്ഥർ അനാവശ്യമായി തടസ്സപ്പെടുത്തുന്നു എന്ന കാര്യം ഞാൻ അങ്ങയുടേയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. കോളനി നിവാസികൾക്ക് വൈദ്യുതി, ശുദ്ധജലം തുടങ്ങിയവ എത്തിക്കാനുള്ള നിരവധി പദ്ധതികൾ നടപ്പാക്കാൻ കഴിയാതെവന്നിട്ടുണ്ട്. ഒന്നുരണ്ട് ഉദാഹരണങ്ങൾ പറയാം. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ പേത്തല കരിക്കകം പട്ടികവർഗ്ഗ കോളനിയിലേക്ക് 6,75,000 രൂപ ചെലവാക്കി ഒരു കിലോമീറ്ററിൽ ലൈൻ വലിക്കാനും 1200 മീറ്റർ സിംഗിൾ ലൈൻ ഫെയിസ് വലിക്കാനുമുള്ള പദ്ധതി വനം വകുപ്പ് തടഞ്ഞിരിക്കുകയാണ്. അവിടെ വർഷങ്ങളായി ജനങ്ങൾ ഉപയോഗിക്കാത്ത 8 മീറ്റർ വീതിയുള്ള സെന്റ്മേരീസ്, പേത്തല കരിക്കകം, അറുപുഴച്ചാൽ, ഇടിഞ്ഞാർ, മുഞ്ഞച്ചൽ റോഡിൽ കൂടിയാണ് ലൈൻ വലിക്കുന്നത്. ഇങ്ങനെ ലൈൻ വലിക്കുന്നതുകൊണ്ട് വനത്തിലെ ഒരു മരച്ചില്ലയ്ക്കുപോലും കേടു വരുന്നില്ല. പോസ്റ്റും കമ്പിയും ഇറക്കി അനുവാദം കാത്ത് കിടക്കുകയാണ്. അതുപോലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ തന്നെ ഇടവം നാല് സെന്റ് കോളനി വൈദ്യുതീകരിക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ 67,000 രൂപയുടെ പദ്ധതി, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെതന്നെ വെങ്കിട്ടമൂട് പട്ടികജാതി കോളനി വൈദ്യുതീകരിക്കാനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ 1,97,750 രൂപയുടെ പദ്ധതി, നന്ദിയോട് ഗ്രാമപഞ്ചായത്തിലെ നീർപ്പാറ ട്രൈബൽ പദ്ധതി വൈദ്യുതീകരിക്കാനുള്ള 82,750 രൂപയുടെ പദ്ധതി, നന്ദിയോട് പഞ്ചായത്തിൽ ഒഴുക്കുപാറ ട്രൈബൽ കോളനി വൈദ്യുതീകരിക്കാനുള്ള 7,96,320 രൂപയുടെ പദ്ധതി ഇവയെല്ലാം വനം വകുപ്പിലെ ചില ഉദ്യോഗസ്ഥൻമാരുടെ അനാവശ്യമായ പിടിവാശികൊണ്ട് പണി ചെയ്യാൻ നിവൃത്തിയില്ലാത്ത സ്ഥിതിയിലാണ്. അവിടെ പോസ്റ്റും കമ്പിയുമായി അതിന്റെ വർക്ക് തുടങ്ങാൻ കാത്തിരിക്കുകയാണ്. ദയവായി അതിന്റെ തടസ്സം നീക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വാമനപുരം നിയോജകമണ്ഡലത്തിൽ 98 പട്ടികവർഗ്ഗ കോളനികളുണ്ട്. മിക്ക കോളനികളും വനപ്രദേശങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ചില കോളനികളിൽ എത്തിച്ചേരുന്നതിന് വേണ്ടത്ര റോഡുകളോ വൈദ്യുതി എത്തിക്കാൻ ഇലക്ട്രിക് ലൈനുകളോ ഇല്ലെന്നുള്ളത് സത്യമാണ്. ചേർത്തല, ഇടവം, ഇടവം നാലുസെന്റ്, വെങ്കിട്ടമൂട്, നീർപ്പാറ, ഒഴുക്കുപാറ എന്നീ കോളനികളെല്ലാം റിസർവ്വ് വനത്തിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. ഈ കോളനികളിൽ വൈദ്യുതി ലൈൻ വലിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടുപ്രകാരമുള്ള അനുമതി ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കൂടാതെയുള്ള വനേതര പ്രവർത്തനങ്ങൾ പഞ്ചായത്ത് അധികൃതർ നടത്തുവാൻ ശ്രമിച്ചതുകൊണ്ടാണ് ഈ നടപ

LIBRARY ARCHIVES Kerala Legislative Assembly

ടികൾ വനംവകുപ്പ് തുടങ്ങിയിരിക്കുന്നത്. പഞ്ചായത്തിന്റെ അപേക്ഷ പ്രകാരം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കാൻ തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ കൂടുതൽ കാര്യത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട അംഗത്തിന് എന്തെങ്കിലും ചർച്ചചെയ്യാനും തീരുമാനം എടുക്കാനും ഉണ്ടെങ്കിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുമായി എന്റെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്യാവുന്നതും അക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

(10) തഴവ ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം

ശ്രീ. ടി. നാണുമാസ്റ്റർ : സർ, അദ്ധ്യയന വർഷം ആരംഭിച്ചിട്ട് രണ്ടു മൂന്നു മാസത്തോളമായി. എന്നാൽ നമ്മുടെ മിക്ക ഗവൺമെന്റ് സ്കൂളുകളിലും മിക്ക വിഷയങ്ങൾക്കും അദ്ധ്യാപകരെ പൂർണ്ണമായും നിയമിച്ചിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ പലയിടത്തും സമരം നടക്കുന്നുണ്ട്. തഴവ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ഹിന്ദി, മലയാളം, സയൻസ് എന്നീ വിഷയങ്ങൾക്ക് അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. അദ്ധ്യാപകർ ഇല്ലെന്ന് പറഞ്ഞുകൊണ്ട് അവിടത്തെ വിദ്യാർത്ഥികൾ രണ്ടാഴ്ചക്കാലമായി സമരത്തിലായിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കാനുള്ള സാദ്ധ്യത ഉണ്ട്; അദ്ധ്യാപകരെ ലഭ്യവുമാണ്. തഴവ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ സമരം അവസാനിപ്പിക്കുന്നതിനും ഒഴിവുള്ള പോസ്റ്റുകളിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം സുഗമമായി നടത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഹിന്ദി അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ടെന്നും ഈ മാസം 17-ാം തീയതി അവരുടെ ഇന്റർവ്യൂ നടത്തുന്നതാണെന്നും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 19-ാം തീയതി തന്നെ അവർക്ക് ജോലിയിൽ പ്രവേശിക്കാൻ സാധിക്കത്തക്കവണ്ണം ഹിന്ദി അദ്ധ്യാപകരെ നിയമിക്കുന്നതാണ്. അതുപോലെതന്നെ ഒരു മലയാളം എച്ച്.എസ്.എ. യെ 17-ാം തീയതി ഇന്റർവ്യൂ നടത്തി 19-ാം തീയതി നിയമിക്കുന്നതാണ്. ഒരു പി.ഡി. ടീച്ചർ ഹെഡ്മാസ്റ്ററായി പ്രൊമോട്ട് ചെയ്യപ്പെട്ടതിനെത്തുടർന്ന് ഒഴിവുവന്നിട്ടുണ്ട്. ഈ മാസം തന്നെ എല്ലാ ഒഴിവുകളും നികത്തുന്നതാണ്.

(11) സമാന്തര സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം.

ശ്രീ. ഇ.എം. അഗസ്തി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ഒന്നു ശ്രദ്ധിക്കണമെന്ന അഭ്യർത്ഥനയോടുകൂടിയാണ് ഞാൻ തുടങ്ങുന്നത്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സമാന്തരമായി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പോകുന്നുവെന്ന് അറിയുന്നു. ഈ സഹകരണ സ്ഥാപനങ്ങൾക്ക് പറയുന്ന പേര് നാഷണൽ യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നാണ് നാഷണൽ യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ജില്ല

LIBRARY ARCHIVES Kerala Legislative Assembly